


കാമചിന്തകൾ തെല്ലുമേശാത്ത, സർവ്വോത്തമ–
രാമചിന്തകൾമാത്രമാകണമീമാസത്തിൽ!
ശ്ലോകങ്ങളിരുപത്തിനാലായിരമാണതിൽ
ശ്ലാഘനീയമാമേഴുകാണ്ഡങ്ങൾ, സർഗ്ഗങ്ങളും!

ബാലകാണ്ഡത്തിൽചേലിൽ തുടങ്ങി, ദ്വിതീയമാം
അയോദ്ധ്യാകാണ്ഡംതുടർന്നാരണ്യകാണ്ഡ,മതു
കഴിഞ്ഞാൽ കിഷ്കിന്ധയായ്, സുന്ദരകാണ്ഡം, പിന്നെ,
യുദ്ധകാണ്ഡവും കഴിഞ്ഞുത്തരകാണ്ഡം ശുഭം!

ശ്രീരാമഭക്തൻ ശ്രീമാൻ, ഹനുമാൻ, മഹാരഥൻ
ശ്രീമദ് രാമായണത്തിൽ മുഖ്യനാം കഥാപാത്രം!
ഭക്തിതന്നാദ്യപാഠം ലോകത്തെ പഠിപ്പിച്ച
ശക്തിമാൻസമാരാദ്ധ്യൻ, സത്യവാൻ, ചിരഞ്ജീവി!

രാമായണം ലോകമെമ്പാടുമുൽഘോഷിയ്ക്കും
രമ്യമാം മഹത്തര ഗ്രന്ഥമാണതിലെഴും
പാത്രങ്ങളഖിലരും മാതൃകനമുക്കെല്ലാം
മാതാവാം സീതാദേവിയുത്തമനാരീമണി!

രാമലക്ഷ്മണന്മാരും, ഭരതശത്രുഘ്നരും
കാമ്യമാമീലോകത്തിലാദർശപുരുഷന്മാർ!
നിത്യമാം രാമായണ പാരായണത്തിലൂടെ
നിർണ്ണയം നേടാം ഗുണപാഠങ്ങളനേകങ്ങൾ!

വാല്മീകമാമജ്ഞാനം നീക്കുവാനുരുവിടാം
വാല്മീകിയേപ്പോൽ നാമും നിത്യവും 'രാമ! രാമ!'
മനസ്സിൽ രമിയ്ക്കുന്നോൻ രാമനാനാമം ചൊന്നാൽ
മറയുമാതേക്ഷണ, മപ്പാടേ വിഷാദങ്ങൾ!